# ജി.എൽ.പി.എസ്, പാപ്പിനിവട്ടം*

## പി.എൻ. ഗോപീകൃഷ്ണൻ

1

വിട. ജി.എൽ.പി.എസ്
നിന്നെ തൂക്കിക്കൊല്ലും എന്നുറപ്പായിരിക്കുന്നു.

ക്ലാസ്സുകളിൽ നീ
ഉറക്കം പഠിപ്പിച്ചു.
സ്വപ്നം പഠിപ്പിച്ചു.
അമ്മിണി ടീച്ചറെക്കൊണ്ട് പാടിച്ച്
ഞങ്ങൾക്ക്
ചെമ്പരുന്തിന്റെ ചിറകുമുളപ്പിച്ചു
വരകളും വലകളും വിസിലുകളുമില്ലാത്ത
മുറ്റത്തേയ്ക്കിറങ്ങി
ഞങ്ങൾ പറന്നു കളിച്ചു.

അസംബ്ലിയിൽ മാത്രം
നിലത്തിറങ്ങി.
വരികളും നിരകളും പണിതു.
സൈന്യാധിപന്റെ കനമുള്ള വാക്കിൽ
പിണഞ്ഞു കുലുങ്ങി. അപ്പോഴേയ്ക്കും
വെയ്‌ലിന്റെ തോക്കുകൊണ്ട്
ചിലരെ വെടിവെച്ചു വീഴ്ത്തി
നീ
അസംബ്ലി കലക്കി.

2

നിന്നിലേയ്ക്ക് അനേകം വഴികൾ.
അച്ഛന്മാർക്കും മാഷന്മാർക്കും നിരത്ത്.
ഞങ്ങൾക്ക്, അനേകം തുരങ്കങ്ങൾ.
കാലവർഷം കുടിയിറക്കിയവർക്ക്
പറുദീസപ്പാത
വിശപ്പു പെറ്റ മക്കൾക്ക്
ജീവന്റെ പാത.

3

പൂന്തോട്ടങ്ങൾക്കു പകരം
വന്മരങ്ങൾ നാട്ടി
നീ ഉയരം ധൂർത്തടിച്ചു.
കിണറുകുത്തി വെള്ളം കൊടുത്ത്
ആഴവും സ്നേഹവും ധൂർത്തടിച്ചു.
അക്ഷരവടിവുകളിൽ വാമൊഴി ചേർത്ത്
ജ്ഞാനം ധൂർത്തടിച്ചു.



രാത്രിയിൽ
മുറിപ്പെൻസിലിന്, കീറപ്പുസ്തകത്തിന്
മരിച്ചു പോയ ഒരു കുട്ടിയുടെ ഓർമ്മയ്ക്ക്
കാവലിരുന്ന്
വ്യാപ്തം ധൂർത്തടിച്ചു.

4

സി.ഡി.യിൽ നീ പതിഞ്ഞില്ല.
അയച്ച മെയ്‌ലുകളൊന്നും
കൈപ്പറ്റിയില്ല.
പഴയൊരു ഇൻലന്റിൽ
പഴയൊരു ഭാഷയിൽ
നീ സമർപ്പിച്ച സത്യവാങ് മൂലം
കോടതി പരിഗണിച്ചുമില്ല.

വിട. ജി.എൽ.പി.എസ്
അന്നേ ദിവസം
ഷൂവും ടൈയും കെട്ടി
മക്കളെ ഒരുക്കുമ്പോൾ
ഞങ്ങളുടെ കൈ വിറയ്ക്കുമോ?

---

** നഷ്ടം കൊണ്ട് അടച്ചു പൂട്ടേണ്ടി വന്നേക്കാവുന്ന ഒരു സർക്കാർ സ്കൂൾ*

*കെ.എസ്.എഫ്.ഇ., ശക്തൻ നഗർ, തൃശൂർ*